# ‘സന്തോഷത്തിന്റെയും നൃത്തത്തിന്റെയും വസ്ത്രം’

## സങ്കീർത്തനങ്ങൾ 30:11,12

‘‘നീ എന്റെ വിലാപത്തെ എനിക്കു നൃത്തമാക്കിത്തീർത്തു; എന്റെ രട്ടു നീ അഴിച്ചു എന്നെ സന്തോഷം ഉടുപ്പിച്ചിരിക്കുന്നു. ഞാൻ മൌനമായിരിക്കാതെ നിനക്കു സ്തുതി പാടേണ്ടതിന്നു തന്നേ. എന്റെ ദൈവമായ യഹോവേ, ഞാൻ എന്നേക്കും നിനക്കു സ്തോത്രം ചെയ്യും’’.

ദാവീദ് തന്റെ ജീവിതത്തിലെ ഒരു ഭാഗ്യം അഥവാ സത്യം വിളിച്ചു പറഞ്ഞുകൊണ്ട് ദൈവത്തെ സ്തുതിക്കും എന്നു ദൃഢനിശ്ചയം എടുക്കുന്നതായി കാണാം. ‘എന്നേക്കും സ്തുതിക്കും’ എന്നാണ് അവൻ പറയുന്നത്. അതിന് അവസാനമില്ല. രണ്ട് കാര്യങ്ങൾ ഇവിടെ സംഭവിച്ചു. ‘വിലാപം നൃത്തമാക്കി തീർത്തു’, പിന്നീട് ‘രട്ട് അഴിച്ചു സന്തോഷം ഉടുപ്പിച്ചു.’

‘രട്ട്’ പഴയനിയമകാലത്ത് ദുഃഖത്തിന്റെ അടയാളമായിരുന്നു എന്ന് വചനങ്ങളിലൂടെ നമുക്ക് മനസ്സിലാക്കാം. വിലാപസമയത്ത് ധരിച്ചിരുന്ന ഒരു വസ്ത്രം. അതായത് ദുഃഖത്തിന്റെ, വിലാപത്തിന്റെ, കഷ്ടതയുടെ വസ്ത്രമാണ് അവന് സന്തോഷത്തിന്റെയും നൃത്തത്തിന്റെയും വസ്ത്രമായി മാറിയത്. ദൈവസാന്നിദ്ധ്യം കടന്നുചെന്നപ്പോൾ ദാവീദിന്റെ ജീവിതത്തിലൂടെ കടന്നുപോയിരുന്ന ദുഃഖകരമായ ഒരു സാഹചര്യത്തിന് വിടുതൽ കിട്ടി എന്ന് നമുക്ക് മനസ്സിലാക്കാം.

ദാവീദിനെ സംബന്ധിച്ച് ഇത് യാഥാർത്ഥ്യമായിരുന്നു. ഇനി ഒരിക്കലും മരിക്കാതവണ്ണം കല്ലറയിൽനിന്ന് ഉത്ഥാനം ചെയ്തപ്പോൾ യേശുവിനെ സംബന്ധിച്ചും അത് യാഥാർത്ഥ്യമായി. മാത്രമല്ല, പശ്ചാത്തപിച്ച് കർത്താവിന്റെ അടുത്തേക്ക് ഓടിയെത്തുന്ന ഒരുവനെ സംബന്ധിച്ചും ഇത് യഥാർത്ഥ്യം തന്നെ. നിത്യയാതനയുടെയും, വേദനയുടെയും അനുഭവത്തിലായിരുന്ന ഓരോരുത്തരുടെയും ‘രട്ട്’ അവൻ അഴിച്ചു മാറ്റുന്ന ദൈവകൃപയ്ക്കായി സ്തോത്രം ചെയ്യാം. അവൻ നമ്മുടെ ‘ബന്ധനങ്ങളാകുന്ന രട്ടുകൾ’ ആണ് മുറിച്ചുമാറ്റിയത്. ‘അവരുടെ ബന്ധങ്ങളെ അറുത്തുകളഞ്ഞു’ സങ്കീ. 107:14 ലും, ‘നീ എന്റെ ബന്ധനങ്ങളെ അഴിച്ചിരിക്കുന്നു’ സങ്കീ. 116:16 ലും നാം കാണുന്നു. അതേ പ്രിയരേ, ബന്ധനങ്ങളാകുന്ന പാപത്തെയും രോഗത്തെയും, ശാപത്തേയും അവൻ അഴിച്ചും, അറുത്തും കളഞ്ഞിരിക്കുകയാകുന്നു. ‘കർത്താവിന്റെ സാന്നിധ്യം’ ഓരോ വിശ്വാസിയുടെയും ജീവിതത്തിലേക്ക് അവൻ പകർന്നുകൊടുത്തു. ‘ദൈവസാന്നിധ്യം’ ഇല്ലാത്ത അവസ്ഥയാണ് ‘നരകം’. അതുകൊണ്ട് കർത്താവ് ജീവിതത്തിൽ ചെയ്ത ഏറ്റവും വലുതായ അത്ഭുതപ്രവർത്തിയെ

ഓർത്ത് നാം മൗനമായിരിക്കാൻ അവൻ ആഗ്രഹിക്കുന്നില്ല. 'നിത്യം' ഇടതടവില്ലാതെ ഹൃദയത്തിൽ നിന്ന് സ്തുതിയും സ്തോത്രവും മുഴക്കുക എന്നതാകുന്നു ദൈവേഷ്ടം.

ഇന്ന് നമ്മുടെ ചുറ്റും കണ്ണോടിച്ചാൽ മനസ്സിലാകുന്ന പ്രവണത ആരാധനയും സ്തുതിയും സ്തോത്രവും ഒക്കെ ഒരു പ്രത്യേകമായ അവസരത്തിലോ, കൂടിവരവിലോ മാത്രം ചെയ്യേണ്ടതായ ഒരു കാര്യമാകുന്നു എന്നതാണ്. എന്നാൽ ദൈവത്തെ സ്തുതിക്കാനും ആരാധിക്കാനുമുള്ള ഉത്സാഹം ഓരോ ശ്വാസത്തിലും ഒരു ദൈവപൈതലിനുണ്ടായിരിക്കുക എന്നതാണ് ദൈവേഷ്ടം. വീണ്ടെടുക്കപ്പെട്ട ദൈവജനത്തിന്റെ സന്തോഷം 'ക്രിസ്തു' മാത്രമാകുന്നു. അതെ, ആരാധന 'ക്രിസ്തു' ആകുന്നു. അങ്ങനെയെങ്കിൽ ദാവീദ് പറഞ്ഞതുപോലെ 'മൗനം' എന്ന അവസ്ഥ ദൈവമക്കൾക്കുള്ളതല്ല. അവന്റെ ഭവനത്തിൽ മൂകശിശുക്കളെ ഇഷ്ടപ്പെടുന്നതുമില്ല. ഹദയം നിറഞ്ഞുതുളുമ്പുന്ന ദൈവീക സാന്നിദ്ധ്യവും സന്തോഷവും ശക്തിയും മാത്രമാണ് നിത്യം ആരാധനയായി പുറത്തേക്കു ഒഴുകേണ്ടത്.

ബന്ധങ്ങളെ അവൻ അറുത്തുമാറ്റിയത് എത്ര വേഗത്തിലായിരുന്നു. നമുക്കറിയാം ഒരു സമ്മാനപ്പൊതി കൈയിൽ കിട്ടിയാൽ അവയെ പൊതിഞ്ഞിരിക്കുന്നതായ ആവരണം ക്ഷമയോടെ പൊട്ടിക്കാൻ പലപ്പോഴും കഴിയില്ല. അതിനുള്ളിൽ ഉള്ളതായ വസ്തു എന്തെന്ന് അറിയാനുള്ള തിടുക്കം, പൊതി അറുത്തുമാറ്റാൻ ഇടയാക്കുന്നു. ഒരു ദൈവപൈതലിന്റെ ജീവിതത്തിലുള്ള അത്ഭുതകരമായ 'അറുക്കൽ' അഥവാ 'സന്തോഷം' ഇതുതന്നെയാണ്. കർത്താവിന്റെ ശക്തിയാൽ കഴിഞ്ഞകാല ജീവിതത്തിന്റെ സകല ബന്ധനങ്ങളെയും അവൻ അറുത്തു മാറ്റിയിരിക്കുന്നു. ഒന്നിച്ചുചേർന്ന് നിത്യം അവന്റെ ആലയത്തിൽ സ്തുതി മുഴക്കുവാനുള്ള ഒരുക്കം ഈ ലോകത്തിലെ ദൈവമക്കൾ ആരംഭിച്ചു കഴിഞ്ഞു. എത്ര ഭാഗ്യകരമായ അവസ്ഥ. 'സമ്മാനമായി' യേശുവിനെ തന്നെ നമുക്ക് ലഭിച്ചിരിക്കുന്നു.

ജീവിതത്തിലെ യാതൊരു വിധമായ സാഹചര്യങ്ങളും നമ്മുടെ സന്തോഷത്തെ എടുത്തുമാറ്റുവാനോ, ഹനിക്കുവാനോ ഇടയാക്കാതെ അവന്റെ സാന്നിദ്ധ്യത്തിലും ശക്തിയിലും മാത്രം നമുക്ക് ആശ്രയിക്കാം. ഏതവസ്ഥയിലും മൗനമായിരിക്കാതെ, ദൈവത്തിന് നന്ദിയും സ്തുതിയും അർപ്പിക്കാം. അതിന് സമയമോ, സ്ഥലമോ ആവശ്യമില്ല. ഒരുക്കമുള്ള ഒരു ഹൃദയം മാത്രം മതി. നരകവും പാതാളവും ആകുന്ന യാതനയുടെയും വേദനയുടെയും 'രട്ടുകളെ' എന്നേക്കും ആയി മുറിച്ചുമാറ്റി, നിത്യസന്തോഷത്തിന്റെയും നിത്യതേജസ്സിന്റെയും വസ്ത്രം, രക്ഷയുടെ വിലയേറിയ വസ്ത്രം അവൻ നമുക്ക് ദാനമായി തന്ന കൃപകളെ ഓർത്ത് സ്തുതിക്കാം. സ്തോത്രം ചെയ്യാം. അതുതന്നെ ആകട്ടെ സ്തുതിയും സ്തോത്രവും കരേറ്റുവാനുള്ള ഒരു ദൈവപൈതലിന്റെ ഉത്തേജനവും പ്രേരണയും എന്ന് പ്രാർത്ഥിക്കുന്നു. കർത്താവ് സഹായിക്കട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 105:1

യഹോവെക്കു സ്തോത്രംചെയ്വിൻ; തൻ നാമത്തെ വിളിച്ചപേക്ഷിപ്പിൻ; അവന്റെ പ്രവൃത്തികളെ ജാതികളുടെ ഇടയിൽ അറിയിപ്പിൻ.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 033**